File No.KRWSA-PMU/3466/2017-TA (OP)

**KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ 20.09.22 തീയതിയിൽ നടന്ന യോഗത്തിന്റെ തീരുമാനങ്ങൾ**

**പങ്കെടുത്തവർ : PMU, RPMU ഉദ്യോഗസ്ഥർ**
**സമയം : 10.30 am**

അവലോകന യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബഹു: എക്സിക്യൂട്ടീവ് ഡയറക്ടർ ആമുഖമായി നിർദ്ദേശിച്ചു

- KRWSA യുടെ വെബ് സൈറ്റിൽ ഒട്ടേറെ വിവരങ്ങൾ ഉണ്ടെങ്കിലും അത് ശരിയായ രീതിയിൽ ക്രമീകരിക്കാത്തതിനാൽ ഒട്ടും ആകർഷകമല്ല. പൊതുജനങ്ങൾക്ക് ലളിതമായി വിവരങ്ങൾ അറിയാവുന്ന വിധത്തിൽ സൈറ്റ് മാപ്പ് ഉൾപ്പെടെ ഉള്ളടക്കം ചെയ്ത് വെബ് സൈറ്റ് പുന:ക്രമീകരിക്കണം.
- ജലനിധി പ്രൊജക്റ്റ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ (PMS) Updation പൂർണ്ണമല്ലാത്തത് മോശം പ്രൊജെക്റ്റ് മാനേജ്മെന്റ് സംവിധാനത്തെയാണ് സൂചിപ്പിക്കുന്നത്. So PMS shall be updated meticulously.
- krwsa യുടെ സ്റ്റാസ്റ്റ്യൂട്ടറി ഓഡിറ്റ് നടത്തി 31.10.22 തീയതിക്ക് മുൻപായി 2021-22 വരെയുള്ള ആനുവൽ ഓഡിറ്റ് റിപ്പോർട്ട്, ആനുവൽ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് എന്നിവ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണം. അതോടൊപ്പം KRWSA മുൻകൈ എടുത്ത് AG ഓഡിറ്റും പൂർത്തീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച രണ്ടു ഓഡിറ്റുകളുടെയും സ്റ്റാറ്റസ് വർഷം തിരിച്ച് പ്രത്യേകം പ്രസിദ്ധീകരിക്കണം.
- ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കുടിവെള്ള വിതരണ സ്കീമുകളുടെ Functionality assessment പൂർത്തിയാക്കുന്നതിനുള്ള ഉത്തരവാദിത്തം, സമയക്രമം എന്നിവ കോർകമ്മിറ്റി പ്രത്യേകം ചർച്ച ചെയ്ത് നിശ്ചയിക്കണം.
- അവലോകന യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളുടെ ATR തെയ്യാറാക്കുമ്പോൾ അതോടൊപ്പം ആയത് പൂർത്തിയാക്കുന്നതിനുള്ള ആക്ഷൻ പ്ലാനും ഉൾപ്പെടുത്തണം.
- ടാർജറ്റ് ചെയ്തിട്ടുള്ള തീയതിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള Followup actions കോർ കമ്മിറ്റി സ്വീകരിക്കണം.
- 2022-23 വർഷത്തെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള action plan തയ്യാറാക്കി KRWSA യുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണം. AS- TS gap, TS-Tender gap, Tender- Work award gap, Work award- completion gap, പദ്ധതി നിർവഹണത്തിന്റെ വിവിധ ഘട്ടങ്ങൾ എന്നിങ്ങനെ വേർതിരിച്ച് വേണം ആക്ഷൻ പ്ലാൻ തയ്യാറാക്കുവാൻ.

KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പുരോഗതിയുടെ സംക്ഷിപ്ത വിവരം ചുവടെ കൊടുക്കുന്നു. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

A. **ജലനിധി -2 - പൂർത്തീകരണം, - 115 പഞ്ചായത്തുകളിൽ 112 എണ്ണം പഞ്ചായത്ത് തല എക്സിറ്റ് പൂർത്തീകരിച്ചു**

**B) സുസ്ഥിരത പദ്ധതി 2019-20, 2020-21 &2021 -22 - ഏറ്റെടുത്ത 1140 സ്കീമുകളിൽ 938 സ്കീമുകളുടെ പുനരുദ്ധാരണപ്രവൃത്തികൾ പൂർത്തീകരിച്ചു**

**C) I) മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനു ഏറ്റെടുത്ത 1772 യൂണിറ്റുകളിൽ 1658 എണ്ണം പൂർത്തീകരിച്ചു**

**II) ഭൂജലപരിപോഷണവും, - നടപ്പിലാക്കുന്നതിനു ഏറ്റെടുത്ത 3303 യൂണിറ്റുകളിൽ 2508 എണ്ണം പൂർത്തീകരിച്ചു**

**D) ജലജീവൻ മിഷൻ - ഭരണാനുമതി ലഭിച്ച 109022 FHTCs കളിൽ ഇതുവരെ 19383 ഗാർഹിക കണക്ഷനുകൾ JJM പദ്ധതിയിലൂടെ പൂർത്തീകരിച്ചു.**

**E ) FTK ഉപയോഗിച്ചുള്ള ജല ഗുണനിലവാര പരിശോധന**

നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.

| | 08.08.22 | 20.09.22 തീയതിയിലെ പുരോഗതി |
|---|---|---|
| ലക്ഷ്യം | 354697 സാമ്പിളുകൾ | 538914 |
| പരിശോധിച്ചത് | 189095 സാമ്പിളുകൾ | 236615 |
| WQMIS യിൽ അപ്‌ലോഡ് ചെയ്തത് | 117686 സാമ്പിളുകൾ | 185585 |

തുടർന്ന് വെബ് സൈറ്റിൽ കൊടുത്തിട്ടുള്ള ആക്ഷൻ പ്ലാൻ അനുസരിച്ച് ജില്ല തിരിച്ചുള്ള പുരോഗതി ബഹു എക്സിക്യൂട്ടീവ് ഡയറക്ടർ അവലോകനം ചെയ്യുകയും താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു

- പ്രവൃത്തികളുടെ പുരോഗതിക്കനുസരിച്ച് കളർ കോഡുകൾ ( Red, Orange, Yellow, light Green, Dark green) നൽകി ജില്ലകൾ ക്രമീകരിക്കേണ്ടതാണ്.
- നിലവിൽ വാങ്ങിയിട്ടുള്ള FTK ഉപയോഗിച്ചുള്ള ജല ഗുണനിലവാര പരിശോധന പൂർത്തിയാക്കി ഡേറ്റ അപ് ലോഡ് ചെയ്യുന്നതുവരെ പുതിയ കിറ്റുകൾ വാങ്ങേണ്ടതില്ല.
- 2022-23 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള റിക്വസ്റ്റ് സർക്കാരിലേക്ക് അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. ആയതു ഡയറക്ടർ ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ Followup ചെയ്യേണ്ടതാണ്.
- KRWSA യുടെ വെബ്സൈറ്റ് പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ ഡയറക്ടർ (M&E) i/c സ്വീകരിക്കേണ്ടതാണ്.
- നിലവിൽ KRWSA മുഖേന നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി വളരെ നിരാശജനകമാണ് . ആയതിനാൽ ഇക്കാര്യം പ്രത്യേകം ഫോക്കസ് ചെയ്തു പുരോഗതി കൈവരിക്കുന്നതിനുള്ള നടപടികൾ PMU തലത്തിലും, RPMU തലത്തിലും സ്വീകരിക്കണം.

**F) മറ്റു തീരുമാനങ്ങൾ**

| നം. | പദ്ധതി | നിർദ്ദേശങ്ങളും തീരുമാനങ്ങളും | ഉത്തരവാദിത്തം | സമയ പരിധി |
|---|---|---|---|---|
| 1 | ഡിജിറ്റൽ ഗവേർണൻസ്, | KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവർത്തികളിലെ സാമ്പത്തിക സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള ED അംഗീകരിച്ച പ്രൊപ്പോസൽ അടുത്ത GC യിൽ സമർപ്പിക്കുന്നതാണ്. | DFA i/c / DD (Fin) i/c | Continuous |
| | | E-ഓഫീസ് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള NIC യുടെ പുതുക്കിയ ഷെഡ്യൂൾ IT മിഷനിൽ ലഭിച്ചിട്ടില്ല. ആയതു DBSA Followup ചെയ്യേണ്ടതാണ്. | DBSA | Continuous |
| | | PRICE- 3 ലഭ്യമാക്കുന്നത് സംബന്ധിച്ച് - NIC യുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ NIC ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതു ഡയറക്ടർ ടെക്നിക്കൽ followup ചെയ്യേണ്ടതാണ്. | DT i/c | Continuous |
| 2 | ജല ജീവൻ മിഷൻ- ISA കളുടെ പ്രവർത്തനങ്ങൾ | ഗ്രാമപഞ്ചായത്തുകളിൽ ISA കൾ നടത്തുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളുടെ supporting documents-ന്റെ സംഗ്രഹം ജലനിധി വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. ആയതു DMS സെർവറിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | DOP (i/c),DBSA | Continuous |
| 3 | KRWSA ഫയലുകളുടെ Follow-up | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ പരിഗണനയിലുള്ള 5 ഫയലുകളിലെ തീരുമാനങ്ങൾ ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ follow up ചെയ്യേണ്ടതാണ്. GC പുനസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ details എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം. | DFA (i/c), Secretary to ED | Continuous |
| 4 | PMS JALANIDHI എന്ന പുതിയ സോഫ്റ്റ്വെയർ സംബന്ധിച്ച് | PMS ജലനിധി platform ലേക്കുള്ള ഡാറ്റ എൻട്രി പ്രോഗ്രസ് ചുവടെ .ചേർക്കുന്നു<br>**Main Project Data entry Progress**<br>Idukki-70.9 %<br>Malappuram- 66.8% | RPD / D(M&E) i/c | Continuous |

| | | | | |
|---|---|---|---|---|
| | | Kannur -72.6%<br><br>**Sub project Data entry progress**<br>Idukki-74.2 %<br>Malappuram- 62.3%<br>Kannur -78.90%<br>പുരോഗതി അപ്ഡേറ്റ് ചെയ്യാത്ത ഉദ്യോഗസ്ഥർക്ക് എതിരെ RPD നടപടി സ്വീകരിക്കേണ്ടതാണ്. | | |

അവലോകന യോഗം 12.45 pm ന് അവസാനിച്ചു

Sd/-
എക്സിക്യൂട്ടീവ് ഡയറക്ടർ

Approved for issue

Director (Finance and Administration) i/c